നിയമം നടപ്പിൽവരുത്തുന്നതിന് 1999-ൽ ബോർഡ് രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

92 (488) തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ഇപ്പോൾ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പുതുതായി ഏതെങ്കിലും വിഭാഗത്തിന് ക്ഷേമനിധി ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികളെ ഒരു ക്ഷേമപദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചുവടെ ചേർത്തിട്ടുള്ള വിഭാഗം തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ കീഴിൽ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്.

1. കർഷകത്തൊഴിലാളികൾ
2. കൈത്തറിത്തൊഴിലാളികൾ
3. നിർമ്മാണത്തൊഴിലാളികൾ
4. എല്ലാ വിഭാഗം തൊഴിലാളികൾക്കുമായുള്ള കേരള തൊഴിലാളി ക്ഷേമനിധി.
5. അബ്കാരി തൊഴിലാളി ക്ഷേമനിധി
6. ചുമട്ടു തൊഴിലാളികൾ
7. മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾ
8. തയ്യൽ തൊഴിലാളികൾ
9. കള്ളുചെത്ത് തൊഴിലാളികൾ
10. കശുവണ്ടി തൊഴിലാളികൾ
11. ബീഡിചുരുട്ടു തൊഴിലാളികൾ
12. ഓട്ടോറിക്ഷാ തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

13. ഈറ്റ, തഴ, കാട്ടുവള്ളി തൊഴിലാളികൾ

പുതുതായി അലക്ക്, ബാർബർ എന്നീ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധിയും ചെറുകിട തോട്ടം തൊഴിലാളികൾക്ക് പ്രത്യേകമായും ക്ഷേമ നിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ചുമട്ടു തൊഴിലാ ളികളുടെ ക്ഷേമത്തിനായുള്ള ഒരു പദ്ധതിയുടെ കരട് 14.7.1998-ലെ ബജറ്റിൽ പുറപ്പെടുവിച്ചുകഴിഞ്ഞു.

(ഇ) സംസ്ഥാനത്തെ വിവിധവിഭാഗം തൊഴിലാളികളുടെ ക്ഷേമത്തി നായി ആരംഭിച്ചിട്ടുള്ള ഓരോ ക്ഷേമനിധി ബോർഡും അതാത് ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി രൂപീകൃതമായിട്ടുള്ള സ്വതന്ത്ര ഭരണചുമതലയുള്ള ബോർഡുകളാണ്. ഓരോ ക്ഷേമ പദ്ധതികളും ബന്ധ പ്പെട്ട ബോർഡുകളുടെ നിയന്ത്രണത്തിലാണ് നടപ്പിലാക്കിവരുന്നത്. ഈ ബോർഡുകളിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് ബോർഡ് വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകിവരുന്നുണ്ട്. പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ നിലവിലുള്ള കാര്യ ക്ഷമമായി പ്രവർത്തിക്കുന്ന ഏതെങ്കിലും ക്ഷേമനിധി ബോർഡുകളിലെ ചെയർമാനേയും ചീഫ് എക്സിക്യൂട്ടീവിനേയും ഔദ്യോഗിക അംഗങ്ങളെയും കൂട്ടിച്ചേർത്തുകൊണ്ട് അത്തരം സ്റ്റാഫിനെക്കൊണ്ട് പുതിയ ബോർഡിന്റെ നട ത്തിപ്പ് ഏൽപ്പിച്ചുകൊണ്ടും ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിപു ലീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

93 (489) ക്ഷേമനിധി ബോർഡുകൾ

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പുതിയ ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തൊഴിലാളി ക്ഷേമനിധി ബോർഡുകളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈറ്റത്തൊഴിലാളികളുടെ ക്ഷേമത്തിനായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്ന തൊഴിലാളി ക്ഷേമനിധി ആക്ടുകളാണ് ഈ സാമ്പത്തിക വർഷത്തിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്;

1. അലക്കു/ബാർബർ തൊഴിലാളി ക്ഷേമനിധി ആക്ട്.
2. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്ട്.
3. കച്ചവട വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുള്ള ക്ഷേമനിധി ആക്ട്.

LIBRARY ARCHIVES Kerala Legislative Assembly